നിന്നും പുറപ്പെടുന്നില്ല. ഈ കാര്യങ്ങളെല്ലാംതന്നെ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. റിസർവേഷന്റെ കാര്യത്തിൽ ഒരു ഷിഫ്റ്റ് മാത്രമാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴയിലെ മൂന്ന് എം. എൽ. എ. മാർ—മുൻ മന്ത്രി ശ്രീ. രാമചന്ദ്രൻനായർ ചെയർമാനായും ശ്രീ. എ. വി. താമരാക്ഷൻ വൈസ് ചെയർമാനായും ഞാൻ കൺവീനറായും ഒരു ആക്ഷൻ കമ്മിറ്റി ഉണ്ടാക്കിയിരിക്കുകയാണ്. പൊതുജനങ്ങളെ നിരത്തിലിറക്കുന്ന സമീപനം നല്ലതല്ല. ജനുവരിയിൽ നിവേദനം കൊടുത്തിട്ട് അതിനെപ്പറ്റി ചർച്ച ചെയ്യാനുള്ള മര്യാദപോലും കാണിച്ചിട്ടില്ല. ഈ മന്ത്രിയുടെ വീട്ടുപടിക്കൽ ഞങ്ങൾ മൂന്നു എം. എൽ. എ. മാർ സത്യാഗ്രഹം ചെയ്യുന്ന സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ആലപ്പുഴ ഡിപ്പോയിൽ 92 ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ 82 ബസുകളേ ഓടുന്നുള്ളൂ. ബസുകളുടെ അപര്യാപ്തതമൂലം ഏതാനും ഷെഡ്യൂളുകൾ അവിടെ താൽക്കാലികമായി റദ്ദുചെയ്യേണ്ടതായി വന്നു. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അദ്ദേഹം പറഞ്ഞതുപോലെ അവിടെ യാത്രാക്ലേശം വർദ്ധിച്ചിട്ടുണ്ടെന്ന് പറയുന്നതിനോട് ഈ ഗവൺമെന്റിന് യോജിക്കാൻ കഴിയില്ല. ഇന്ന് ആലപ്പുഴ ഡിപ്പോ ടച്ച് ചെയ്തത് ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ തെക്കുനിന്ന് വടക്കോട്ടും വടക്കുനിന്ന് തെക്കോട്ടും 161 ട്രിപ്പുകൾ പോകുന്നുണ്ട്. അതുപോലെ മറ്റു ഡിപ്പോകളിൽനിന്നും 57 ട്രിപ്പുകൾ ആലപ്പുഴഡിപ്പോ ടച്ച് ചെയ്തു പോകുന്നുണ്ട്. ആലപ്പുഴനിന്ന് 168 ട്രിപ്പുകൾ തെക്കോട്ടും 173 ട്രിപ്പുകൾ വടക്കോട്ടും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൂടാതെ, അന്തർസംസ്ഥാന സർവ്വീസുകൾ നടക്കുന്നില്ലായെന്ന് പറഞ്ഞതു ശരിയല്ല. എറണാകുളം—തൂത്തുക്കുടി, ഗുരുവായൂർ-കന്യാകുമാരി എന്നീ അന്തർസംസ്ഥാന സർവ്വീസുകൾ ആലപ്പുഴ വഴിയാണ് കടന്നു പോകുന്നത്. തമിഴ്നാട് ഗവൺമെന്റുമായി ഉണ്ടാകുന്ന കരാറിന്റെ വെളിച്ചത്തിൽ ആലപ്പുഴയിൽനിന്ന് പുതിയ സർവ്വീസുകൾ തുടങ്ങുന്നതാണ്.

(2) വളപട്ടണം വൈസ്റോൺ ഇൻഡ്യാ പ്ലൈവുഡ് ഫാക്ടറിയിലെ തൊഴിലാളി പണിമുടക്ക്

ശ്രീ. കെ. ടി. കുമാരൻ : സർ, കഴിഞ്ഞ 25-2-1986-ൽ വളപട്ടണം വൈസ്റോൺ ഇൻഡ്യാ പ്ലൈവുഡ് ഫാക്ടറിയിലെ തൊള്ളായിരത്തോളം വരുന്ന തൊഴിലാളികൾ പണിമുടക്കിലാണ്. 1984 ജൂൺമാസത്തിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായ ചെയ്തികൾക്കെതിരായിട്ടായിരുന്നു തൊഴിൽ കുഴപ്പമുണ്ടായത്. തൊഴിലാളികൾക്ക് കാന്റീൻവഴി നൽകിക്കൊണ്ടിരുന്ന ക്ഷേമവസ്തുക്കൾ ന്യായമായ വിലയ്ക്ക് കൊടുക്കണമെന്നായിരുന്നു അവരുടെ ആവശ്യം. ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ്, ലേബർ സെക്രട്ടറി ശ്രീ. മഹാബലറാവുവിനെ ആർബിട്രേഷന് വിടുകയും അതനുസരിച്ച് 28-9-1985-ന് അദ്ദേഹം അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഈ രണ്ടുകക്ഷികളും ഒരുപോലെ അംഗീകരിക്കാൻ ബാദ്ധ്യസ്ഥമായിട്ടുള്ള ഈ ആർബിട്രേഷൻ മാനേജ്മെന്റ് നടപ്പിലാക്കാൻ കൂട്ടാക്കാത്തതിന്റെ ഫലമായി തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും ഒരു സമരത്തിൽ ഏർപ്പെടുകയാണുണ്ടായത്. കാൻറീൻ പ്രശ്നത്തിൽ ആർബിട്രേഷൻ അവാർഡ് നടപ്പിലാക്കുക, കമ്പനിത്തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, മിനിമം കൂലി നടപ്പിലാക്കുക, കാറഗറി ക്രമക്കേടുകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ ഒരു മെമ്മോറാണ്ടം കൊടുക്കുകയുണ്ടായി. ആ ഫാക്ടറിയിലെ ട്രേഡ്യൂണിയനുകൾ സംയുക്തമായി ഒപ്പിട്ട ഒരു മെമ്മോറാണ്ടമായിരുന്നു കൊടുത്തിരുന്നത്. ഇതിനെ സംബന്ധിച്ച് പരിശോധിക്കുകയും ചർച്ചചെയ്യുകയും ചെയ്യാതെ മാനേജ്മെൻറ് നാലു തൊഴിലാളികളെ അന്യായമായി സസ്പെൻറ്ചെയ്തതിൻെറ ഫലമായിട്ടാണ് അവിടെ 25-ാം തീയതി മുതൽ പണിമുടക്കുണ്ടായത്. പണിമുടക്ക് ഒത്തുതീർപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാതെ മാനേജ്മെൻറ് ഒഴിഞ്ഞുമാറുകയാണ്. മാനേജുമെൻറിൻെറ മർക്കടമുഷ്ടി അവസാനിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ തന്ന നോട്ടീസിൽ പറഞ്ഞിരിക്കുന്നത്, വെസ്റേറൺ ഇൻഡ്യാ പ്ലൈവുഡ് ഫാക്ടറിയിലെ ഏതാനും തൊഴിലാളികളെ മാനേജ്മെൻറ് അന്യായമായി സസ്പെൻറ് ചെയ്തതിൻെറ ഫലമായി കഴിഞ്ഞ രണ്ടാഴ്ചയായി അവിടത്തെ മുഴുവൻ തൊഴിലാളികളും സമരം നടത്തുന്നുവെന്നാണ്. സത്യവുമാണ്. ഇപ്പോൾ പറഞ്ഞ രീതിയിലല്ല കാര്യങ്ങൾ ഉണ്ടായത്. അവിടത്തെ തൊഴിലാളികൾ ഇൻഡിസിപ്ലിൻ കാണിച്ചു, അതിനെക്കുറിച്ച് എൻക്വയറി നടത്തി അവരെ സസ്പെൻറ് ചെയ്തു. അതിൻെറ ഫലമായിട്ട് പണിമുടക്കുണ്ടായി. പണി മുടക്കിൽ ഇത്തരം കാര്യങ്ങൾകൂടി ഇപ്പോൾ ഡിമാൻറായി ഉന്നയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് നിരവധി കൺസിലിയേഷൻ നടത്തിയിട്ടുണ്ട്. കൺസിലിയേഷനിൽക്കൂടി പ്രശ്നം പരിഹരിക്കാൻ.....
..... (ബഹളം).....
ഞാനിവിടെ വായിച്ചത് ശ്രീ. കെ. ടി. കുമാരൻ എനിക്കുതന്ന നോട്ടീസാണ്. ഇതിനെ സംബന്ധിച്ച് രണ്ടു മൂന്നു പ്രാവശ്യം കൺസിലിയേഷൻ നടത്തി. 10-3-1985-ൽ കോഴിക്കോട് റീജയണൽ കമ്മിഷണർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയിരുന്നു. ഉടനെതന്നെ കമ്മിഷണറോ അല്ലെങ്കിൽ ഞാനോ ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(3) അതിശക്തമായ കാറ്റും മഴയുംമൂലം പെരുമ്പാവൂരിലെ കൂവപ്പടി പഞ്ചായത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തിര സഹായം എത്തിച്ചു കൊടുക്കൽ

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഈ മാസം പതിനൊന്നാം തീയതി എൻെറ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ പെരിയാർ നദീതീരത്ത കൂവപ്പടി പഞ്ചായത്തിലെ ഇടവൂർ, തോട്ടുവ, ചേരാനല്ലൂർ, പെരുമറ്റം മുതലായ പ്രദേശങ്ങളിൽ ഉണ്ടായ അതിശക്തമായ കാറ്റും മഴയുംമൂലം വളരെയേറെ കൃഷിനാശങ്ങൾ സംഭവിച്ചിരിക്കുകയാണ്. ഏകദേശം ഒരുലക്ഷം ഏത്തവാഴതന്നെ നശിച്ചുപോയിട്ടുണ്ട്. അതിനുപുറമേ, തെങ്ങ്, കവുങ്ങ്, ഗ്രാമ്പൂ, വെറ്റിലക്കൊടി, ജാതി തുടങ്ങിയ കൃഷികൾക്കെല്ലാംകൂടി ഏകദേശം 40 ലക്ഷം രൂപയോളം നഷ്ടം വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പാവപ്പെട്ട കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. അവർ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വളരെ അടിയന്തിരമായി അവർക്ക് സഹായമെത്തിക്കണം.

LIBRARY ARCHIVES Kerala Legislative Assembly